# 9

# ബോധനശാസ്ത്രപരമായ അപഗ്രന്ഥം

പഠനം (Learning) നിർവഹിക്കുന്നതിനുവേണ്ടിയുള്ള ഉള്ളടക്കത്തെ അനുയോജ്യമായ തന്ത്രങ്ങൾ ഉപയോഗിച്ച് വിനിമയം ചെയ്യുന്ന രീതിശാസ്ത്രത്തെയാണ് ബോധനശാസ്ത്രം (Pedagogy) എന്ന് പറയുന്നത്. പഠനം കാര്യക്ഷമമായി നിർവഹിക്കാൻ സാധിക്കണമെങ്കിൽ ഉള്ളടക്കത്തിന്റെ ബോധനശാസ്ത്രപരമായ വിശകലനം (Pedagogy Analysis) സംബന്ധിച്ച് വ്യക്തത കൈവരിക്കേണ്ടത് അത്യാന്താപേക്ഷികമാണ്. പാഠ്യപദ്ധതിയുടെ പൊതുസമീപനം, ശിശു മനഃശാസ്ത്രം, പാഠ്യപദ്ധതി സൈദ്ധാന്തിക അടിത്തറ, പാഠ്യപദ്ധതിയുടെ ദാർശനികവും സാമൂഹ്യപരവുമായ കാഴ്ചപ്പാടുകൾ വിഷയബന്ധിതമായ സമീപനങ്ങൾ എന്നിവയെക്കുറിച്ച് അധ്യാപക വിദ്യാർത്ഥി ഇതിനകം ധാരണ നേടിയിട്ടുണ്ട്. നേടിയ ധാരണകൾ ഉപയോഗിച്ച് പഠനപ്രക്രിയ ആസൂത്രണം ചെയ്യാൻ തുടങ്ങുമ്പോൾ നിർവഹിക്കേണ്ട മുന്നൊരുക്കങ്ങളിൽ ഏറ്റവും പ്രധാനമായത് ഓരോ വിഷയത്തിന്റേയും യൂണിറ്റ് / പാഠം അടിസ്ഥാനമാക്കിയുള്ള ബോധനശാസ്ത്രപരമായ വിശകലനം നിർവഹിക്കുക എന്നതാണ്.

## 9.1. ബോധനശാസ്ത്രപരമായ വിശകലനം (Pedagogy Analysis)

### ഉദ്ദേശ്യങ്ങൾ:

1. ഓരോ വിഷയവുമായി ബന്ധപ്പെട്ട ഉള്ളടക്കത്തെ ബോധനശാസ്ത്രപരമായി വിശകലനം ചെയ്ത് വസ്തുതകൾ, ആശയങ്ങൾ, പ്രക്രിയകൾ, മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവ കണ്ടെത്തി ഉള്ളടക്കത്തിന്റെ വ്യാപ്തി നിർണയിക്കുന്നതിനുള്ള ധാരണ നേടുന്നതിന്.
2. അറിവ് നിർമാണ പ്രക്രിയകളെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനുള്ള ധാരണയും കഴിവും ആർജിക്കുന്നതിന്.
3. വിഷയബന്ധിതമായ ഉള്ളടക്കവിശകലനത്തിലൂടെ അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ, പഠനോപകരണങ്ങൾ എന്നിവ കണ്ടെത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന്.
4. വിഷയബന്ധിതമായി പഠനപ്രവർത്തനങ്ങളെ വിശകലനം ചെയ്യാനും അവയുടെ അവതരണക്രമം നിശ്ചയിക്കാനുമുള്ള ശേഷി കൈവരിക്കുന്നതിന്.
5. എലിമെന്ററി തലത്തിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉള്ളടക്കധാരണ കൈവരിക്കുന്നതിന്.

പെഡഗോഗിക് അനാലിസിസിന്റെ ആശയപരമായ വിശദാംശങ്ങൾ ഒന്നാം സെമസ്റ്ററിലെ **പാഠ്യപദ്ധതിയും ബോധനശാസ്ത്രവും** എന്ന പേപ്പറിലാണ് പഠിക്കുന്നത്. ഉള്ളടക്കം അപഗ്രഥനം ചെയ്യേണ്ട രീതിശാസ്ത്രവും മറ്റും ഈ പേപ്പറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമേ മലയാളം, ഇംഗ്ലീഷ്, പരിസര പഠനം, സയൻസ്, ഗണിതം, സാമൂഹ്യശാസ്ത്രം ആരോഗ്യകായിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളുമായി ബന്ധപ്പെടുത്തി പെഡഗോഗിക് അനാലിസിസ് നിർവഹിക്കുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

എലിമെന്ററി സ്കൂൾതലത്തിലെ ഉള്ളടക്കത്തെ മൊത്തമായിത്തന്നെ വിശകലനം ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അപ്പർപ്രൈമറിതലത്തിൽ ഓപ്ഷണൽ വിഷയങ്ങളുടെ കാര്യത്തിൽ SS/SC/Maths എന്നിവയിൽ ഒന്നിന്റെ വിശകലനം മാത്രമേ നിർവഹിക്കുകയുള്ളൂ. എങ്കിലും ബോധനശാസ്ത്രപരമായ അപഗ്രഥനത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിന് അധ്യാപക വിദ്യാർത്ഥിക്ക് കഴിയും.

## ബോധനശാസ്ത്രപരമായ അപഗ്രഥനം – മാതൃക

(A) പ്രാഥമിക വിവരങ്ങൾ :

1. അധ്യാപികയുടെ പേര് : ..............................................................
2. ക്ലാസ്സ്ഡിവിഷൻ : ..............................................................
3. വിഷയം : ..............................................................
4. യൂണിറ്റ് : ..............................................................
5. സമയം/ പിരീയഡ് : ..............................................................

(B) പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ

- ആശയപരം
  -
  -
  -
- നൈപുണിപരം
  -
  -
  -
- മൂല്യങ്ങൾ, മനോഭാവങ്ങൾ
  -
  -
  -

(C) യൂണിറ്റ്/പാഠവിശകലനം

| **ഉള്ളടക്കം** | **വിനിമയ തന്ത്രങ്ങൾ പ്രക്രിയ** | **മൂല്യനിർണയം** |
|---|---|---|
| ആശയങ്ങൾ | പഠനതന്ത്രങ്ങൾ | ഉല്പന്നവിലയിരുത്തൽ |
| വസ്തുതകൾ | പ്രക്രിയ | സൂചകങ്ങൾ |
| തത്വങ്ങൾ | അധികവായനയ്ക്കുള്ള | രീതികൾ |
| ഭാഷാപരമായ വ്യവഹാര രൂപങ്ങൾ | സാധ്യതകൾ പഠനോപകരണങ്ങൾ | തന്ത്രങ്ങൾ |

# 10

# വിലയിരുത്തൽ രേഖപ്പെടുത്തൽ

എലിമെന്ററി ടീച്ചർ എഡ്യൂക്കേഷൻ പാഠ്യപദ്ധതി സെമസ്റ്റർ സമ്പ്രദായത്തിൽ നടപ്പാക്കുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. ആയതുകൊണ്ട് ഓരോ സെമസ്റ്ററിലേയും വിലയിരുത്തൽ സെമസ്റ്ററിന്റെ അന്ത്യത്തിൽ തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. ഒന്നാം സെമസ്റ്ററും മൂന്നാം സെമസ്റ്ററും അവസാനിക്കുന്നത് അതാത് വർഷത്തിലെ ഒക്ടോബർ മാസത്തിലാണ്. നവംബറിൽ ഇതിന്റെ മൊത്തത്തിലുള്ള വിലയിരുത്തൽ പൂർത്തീകരിക്കണം. രണ്ടും നാലും സെമസ്റ്ററുകൾ അവസാനിക്കുന്നത് അതാത് വർഷത്തിലെ മാർച്ച് മാസത്തിലാണ്. മാർച്ച് അവസാനമോ ഏപ്രിൽ ആദ്യമോ ഇതിന്റെയും മൊത്തത്തിലുള്ള വിലയിരുത്തൽ പൂർത്തീകരിക്കേണ്ടതാണ്.

നാലാം സെമസ്റ്ററിന്റെ അവസാനം നാല് സെമസ്റ്ററുകളിലേയും വിലയിരുത്തലുകൾ പരിശോധിച്ചുകൊണ്ട് നിർദേശിക്കപ്പെട്ട നിശ്ചിത നിലവാരം പുലർത്തിയവർക്ക് ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ സർട്ടിഫിക്കറ്റ് വിദ്യാഭ്യാസവകുപ്പ് നൽകുന്നതാണ്.

### 10.1. ഒന്നാം സെമസ്റ്ററിലെ വിലയിരുത്തൽ-രേഖപ്പെടുത്തൽ

ഒന്നാം സെമസ്റ്ററിൽ ആകെ 6 പേപ്പറുകളാണ് ഉള്ളത്. 6 പേപ്പറുകൾക്കും നിരന്തര വിലയിരുത്തൽ ഉണ്ടാകും. എന്നാൽ മൂന്ന് പേപ്പറുകൾക്ക് മാത്രമേ പൊതു പരീക്ഷ ഉണ്ടായിരിക്കുകയുള്ളൂ. $S_1.P_1$ ശിശുവികാസവും പഠനവും, $S_1P_2$ പാഠ്യപദ്ധതിയും ബോധനശാസ്ത്രവും, $S_1.P_3$ മലയാളം - ചരിത്രം, ഘടന, സാമൂഹിക പശ്ചാത്തലം എന്നിവയാണ് ഒന്നാം സെമസ്റ്ററിൽ പൊതുപരീക്ഷ നടത്തണമെന്ന് നിർദേശിച്ചിട്ടുള്ള പേപ്പറുകൾ.

ഒന്നാം സെമസ്റ്ററിലെ വിവിധ പേപ്പറുകളുടെ വിലയിരുത്തൽ-രേഖപ്പെടുത്തുന്ന രീതി എപ്രകാരമെന്ന് പരിശോധിക്കാം.

### 10.1.1. ഒന്നാം സെമസ്റ്ററിലെ നിരന്തര വിലയിരുത്തൽ-രേഖപ്പെടുത്തൽ

ഒന്നാം സെമസ്റ്ററിൽ ഓരോ പേപ്പറിന്റേയും നിരന്തര വിലയിരുത്തൽ സ്കോർ 20 ആണ്. ഇതിന്റെ സ്കോർ നൽകുന്നതിന് വേണ്ടി ഓരോ പേപ്പറുമായി ബന്ധപ്പെടുത്തി 4 ഇനങ്ങളാണ് നിരന്തര വിലയിരുത്തലിനായി പരിഗണിക്കണമെന്ന് നിർദേശിച്ചിട്ടുള്ളത്. അവ ചുവടെ കൊടുക്കുന്നു.

1. പ്രവർത്തന ഡയറി
2. യൂണിറ്റ് ടെസ്റ്റ്
3. പ്രകടന വിലയിരുത്തൽ
4. ഉൽപന്ന വിലയിരുത്തൽ

ഈ നാല് ഇനങ്ങളിലേയും മികവ് പ്രത്യേകമായി കണ്ട ശേഷം ആകെ മികവ് എത്രയാണെന്ന് കണ്ടെത്താവുന്നതാണ്. സൗകര്യത്തിനുവേണ്ടി ഓരോ നിരന്തര വിലയിരുത്തൽ ഇനത്തിന്റേയും പരമാവധി സ്കോർ 25 ആയി പരിഗണിക്കാവുന്നതാണ്. അങ്ങിനെ വരുമ്പോൾ 4 ഇനങ്ങൾക്കും കൂടി ആകെ പരമാവധി സ്കോർ 100 എന്ന് ലഭിക്കുന്നു. തുടർന്ന് 20 ലുള്ള സ്കോർ എത്ര എന്ന് കാണുന്നതിന് 100ൽ അധ്യാപക വിദ്യാർഥിക്ക് ലഭിച്ച സ്കോറിനെ 5 കൊണ്ട് ഹരിച്ചാൽ മതിയല്ലോ. ഓരോ നിരന്തര വിലയിരുത്തൽ ഇനത്തിന്റേയും സ്കോർ നിശ്ചയിക്കുന്നതിനുള്ള സൂചകങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. (അനുബന്ധം -1) ഈ സൂചകങ്ങൾ ഉപയോഗിച്ച് റേറ്റ് ചെയ്ത് (5/4/3/2/1) ഓരോ അധ്യാപക വിദ്യാർഥിയ്ക്കും ലഭിച്ച സ്കോർ കണ്ടെത്താവുന്നതാണ്. ഇതിനായി ചുവടെ കൊടുത്തിരിക്കുന്ന ഫോർമാറ്റ് 12 ($F_{12}$) ഉപയോഗിക്കാം.

## ഫോർമാറ്റ് 12 ($F_{12}$)

## നിരന്തരവിലയിരുത്തൽ ഇനങ്ങളുടെ സ്കോർ രേഖപ്പെടുത്തൽ

സെമസ്റ്റർ : ഒന്ന്/രണ്ട്/മൂന്ന്/നാല്

പേപ്പറിന്റെ പേര് :

നിരന്തര വിലയിരുത്തൽ ഇനം : പ്രവർത്തനഡയറി/യൂണിറ്റ് ടെസ്റ്റ്/പ്രകടന വിലയിരുത്തൽ/ഉൽപന്ന വിലയിരുത്തൽ

| നമ്പർ | അധ്യാപക വിദ്യാർത്ഥിയുടെ പേര് | സൂചകങ്ങൾ | | | | | ആകെ |
|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | |
| | റേറ്റിംഗ് | 5/4/3/2/1 | 5/4/3/2/1 | 5/4/3/2/1 | 5/4/3/2/1 | 5/4/3/2/1 | |
| | | | | | | | |

ഈ ഫോർമാറ്റ് ഉപയോഗിച്ച് ഓരോ പേപ്പറുമായി ബന്ധപ്പെട്ട് 4 നിരന്തര വിലയിരുത്തൽ ഇനങ്ങളുടേയും സ്കോറുകൾ 25-ൽ എത്രയാണ് ഓരോ അധ്യാപക വിദ്യാർഥിക്കും നൽകിയിട്ടുള്ളതെന്ന് കണ്ടെത്താവുന്നതാണ്.

തുടർന്ന് ഓരോ പേപ്പറിന്റേയും നിരന്തര വിലയിരുത്തൽ ഇനങ്ങളുടെ സ്കോർ ക്രോഡീകരിച്ച് രേഖപ്പെടുത്താവുന്നതാണ്. ഇതിനായി അധ്യായം 7ൽ നൽകിയിട്ടുള്ള പൊതു ഫോർമാറ്റ് ($F_3$) ഉപയോഗിക്കാവുന്നതാണ്

ഇനി ഒന്നാം സെമസ്റ്ററിലെ ഓരോ പേപ്പറുമായി ബന്ധപ്പെട്ട നിരന്തര വിലയിരുത്തൽ ക്രോഡീകരിച്ച് രേഖപ്പെടുത്താവുന്നതാണ്. ഇതിനായി അധ്യായം 7ൽ നൽകിയിട്ടുള്ള പൊതുഫോർമാറ്റ് ($F_5$) ഉപയോഗിക്കാവുന്നതാണ്

ഒന്നാം സെമസ്റ്ററിലെ പേപ്പറുകളിൽ ഇംഗ്ലീഷ്, പരിസരപഠനം, ഗണിതം എന്നിവയ്ക്ക് നിരന്തര വിലയിരുത്തൽ മാത്രമേ ഉള്ളൂ. ആയതിനാൽ ആ പേപ്പറുകൾക്കുള്ള ഗ്രേഡും രേഖപ്പെടുത്തേണ്ടതുണ്ട്. ഫോർമാറ്റിൽ ഈ വിഷയങ്ങളുടെ ഗ്രേഡ് കൂടി രേഖപ്പെടുത്തുന്നതിന് സ്ഥലം നൽകിയിട്ടുണ്ട്. മറ്റ് വിഷയങ്ങളുടെ കാര്യത്തിൽ സ്ഥാപനതലത്തിൽ ഗ്രേഡ് നിശ്ചയിക്കുന്നില്ല. ആയതിനാൽ അവയുടെ ഗ്രേഡ് രേഖപ്പെടുത്തേണ്ടതില്ല.

### 10.1.2. ഒന്നാം സെമസ്റ്റർ പൊതുപരീക്ഷാ ക്രോഡീകരണം രേഖപ്പെടുത്തൽ

ഒന്നാം സെമസ്റ്ററിൽ 3 വിഷയങ്ങൾക്കാണ് പൊതു പരീക്ഷയുള്ളത്. $S_1.P_1$. ശിശുവികാസവും പഠനവും, $S_1.P_2$. പാഠ്യപദ്ധതിയും ബോധനശാസ്ത്രവും $S_1.P_3$. മലയാളം-ചരിത്രം, ഘടന, സാമൂഹിക പശ്ചാത്തലം എന്നിവയാണ് പൊതുപരീക്ഷയുള്ള വിഷയങ്ങൾ. പൊതു പരീക്ഷയുടെ ഓരോ പേപ്പറിന്റേയും പരമാവധി സ്കോർ 60 ആണ്. പരീക്ഷാ സമയം 2 മണിക്കൂർ ആണ്. 15 മിനിട്ട് ആശ്വാസ സമയമായി അനുവദിക്കുന്നതാണ്. ഒന്നാം സെമസ്റ്ററിൽ നിർദേശിച്ചിട്ടുള്ള ഉള്ളടക്കം മാത്രമേ പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയാറാക്കുന്ന വേളയിൽ പരിഗണിക്കേണ്ടതുള്ളൂ. ഓരോ പേപ്പറിന്റേയും സ്കോറിംഗ് നിർവഹിക്കുന്നതിന് ഉത്തരപേപ്പർ പരിശോധനവേളയിൽ ഉപയോഗിക്കാവുന്ന സ്കോർ ഷീറ്റിന്റെ മാതൃക ചുവടെ നൽകുന്നു ഫോർമാറ്റ് 13 ($F_{13}$).

## ഫോർമാറ്റ് 13 ($F_{13}$)

## പൊതുപരീക്ഷാസ്കോർഷീറ്റ്

സെമസ്റ്റർ : ഒന്ന്/രണ്ട്/മൂന്ന്/നാല്

പേപ്പറിന്റെ നമ്പറും പേരും : ഉദാ: $S_1.P_1$ ശിശുവികാസവും പഠനവും

പരമാവധി സ്കോർ : 60

പരമാവധി സമയം : 2 മണിക്കൂർ

| രജിസ്റ്റർ നമ്പർ | സ്കോർ | ഗ്രേഡ് | റിമാർക്ക് |
|---|---|---|---|
| | | | |

Paper valued by : Name : Signature :

Marks entered by : Name : Signature :

Marks verified by : Name : Signature :

Date :

ഫോർമാറ്റ് 13 ഉപയോഗിച്ച് പൊതു പരീക്ഷയുടെ സ്കോറുകൾ രേഖപ്പെടുത്താൻ സാധിക്കും. അധ്യാപകവിദ്യാർത്ഥിയുടെ പേരുകൾ പേപ്പർ മൂല്യനിർണ യവേളയിൽ രേഖപ്പെടുത്തേണ്ടിവരില്ല. അതുകൊണ്ട് ഒഴിവാക്കി.

**10.1.3. ഒന്നാം സെമസ്റ്ററിലെ CE, TE ക്രോഡീകരണം രേഖപ്പെടുത്തൽ**

ഫോർമാറ്റ് 5 ($F_5$) ഫോർമാറ്റ് 13 ($F_{13}$) എന്നിവ ഉപയോഗിച്ച് അധ്യാപക വിദ്യാർഥികളുടെ CT, TE സ്കോർ, ഗ്രേഡ് എന്നിവ ക്രോഡീകരിച്ച് രേഖപ്പെടുത്താവുന്നതാണ്. ITE തലത്തിൽ ഇവ തയാറാക്കി നൽകേണ്ടതാണ്. പൊതുപരീക്ഷാ സ്കോറുകൾ പരീക്ഷാഭവനിൽ രേഖപ്പെടുത്തുന്നതാണ്. ഇത്തരത്തിലുള്ള ക്രോഡീകൃത ഷീറ്റുകൾ സൂക്ഷിക്കുന്നതും പരീക്ഷാഭവനിൽ ആയിരിക്കും. ക്രോഡീകരിച്ച സ്കോർ - ഗ്രേഡ് രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ് ($F_{14}$) ചുവടെ കൊടുക്കുന്നു.

**ഫോർമാറ്റ് 14 (F14)**

**സ്കോർ - ഗ്രേഡ് ക്രോഡീകരണം**

കോഴ്സും സെമസ്റ്ററും : ..............................

വർഷം, മാസം : ..............................

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യുക്കേഷന്റെ പേരും അഡ്രസ്സും : ..............................

സ്ഥാപനത്തിന്റെ കോഡ് നമ്പർ : ..............................

റവന്യു ജില്ല : .............................. വിദ്യാഭ്യാസ ജില്ല : ..............................

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | അധ്യാപക വിദ്യാർത്ഥിയുടെ പേര് | പേപ്പറുകൾ | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | S1.P1 ശിശുവികാസവും പഠനവും | | | | | S1.P2 പാഠ്യപദ്ധതിയും ബോധനശാസ്ത്രവും | | | | | S1.P3 മലയാളം, ചരിത്രം ഘടന, സമൂഹിക പശ്ചാത്തലം | | | | | S1.P4 Proficiency in Englsh language | | S1.P5 പരിസരം ഒരു പാഠപുസ്തകം | | S1.P6 ഗണിതശാസ്ത്ര പഠനവും സമീപനവും | |
| | | | സ്കോർ | | | ഗ്രേഡ് | | സ്കോർ | | | ഗ്രേഡ് | | സ്കോർ | | | ഗ്രേഡ് | | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് |
| | | | CE 20 | TE 60 | Total 80 | TE | Total | CE 20 | TE 60 | Total 80 | TE | Total | CE 20 | TE 60 | Total 80 | TE | Total | CE മാത്രം 20 | | CE മാത്രം 20 | | CE മാത്രം 20 | |
| | | | | | | | | | | | | | | | | | | | | | | | |

സ്ഥലം :

തീയതി :

പ്രിൻസിപ്പലിന്റെ ഒപ്പ് : പരീക്ഷാഭവൻ സെക്രട്ടറിയുടെ ഒപ്പ് :

പേരും, അഡ്രസ്സും : പേരും, അഡ്രസ്സും :

സെമസ്റ്റർ 1 പൂർത്തീകരിക്കുമ്പോൾ അധ്യാപകവിദ്യാർത്ഥിക്ക് നൽകേണ്ട സ്കോർ-ഗ്രേഡ് ഷീറ്റിന്റെ മാതൃക (എഫ് 15) ചുവടെ കൊടുക്കുന്നു.

**Government of Kerala Format 15 (F15) - Department of General Education**

## Diploma in Elementary Education ( D.Ed.)

**Semester - 1 Score - Grade Sheet**

**Reg No :**

Semester : One
Month and Year : *Eg. December 2013*
Name of Teacher Trainee : ..............................................................
Name and Address of Institute
of Teacher Education : .....................................................................................
.....................................................................................
.....................................................................................

## Score - Grade Details

| Sl. No | Name of Paper | Maximum Score | | | Score obtained | | | Grades awarded | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | CE | TE | Total | CE | TE | Total | TE | Total | |
| 1. | S1.P1 Child Development and Learning | 20 | 60 | 80 | | | | | | |
| 2. | S1.P2 Curriculum and Pedagogy | 20 | 60 | 80 | | | | | | |
| 3. | S1.P3 Malayalam, History, Structure & Social Background | 20 | 60 | 80 | | | | | | |
| 4. | S1.P4 Proficiency in English Language | 20 | - | 20 | | - | | | | |
| 5. | S1.P5 Envrionment - A Textbook | 20 | - | 20 | | - | | | | |
| 6. | S1.P6 Mathematics - Learning and Approach | 20 | - | 20 | | - | | | | |

Place: *Seal* **Secretary**
Date: Pareeksha Bhavan
Government of Kerala

## 10.2. രണ്ടാം സെമസ്റ്ററിലെ വിലയിരുത്തൽ - രേഖപ്പെടുത്തൽ

രണ്ടാം സെമസ്റ്ററിലും ആകെ 6 പേപ്പറുകളാണ് ഉള്ളത്. 6 പേപ്പറുകൾക്കും നിരന്തര വിലയിരുത്തൽ ഉണ്ടാകും. എന്നാൽ മൂന്ന് പേപ്പറുകൾക്ക് മാത്രമേ പൊതുപരീക്ഷ ഉണ്ടായിരിക്കുകയുള്ളൂ. **$S_2.P_8$. 'English Language Teaching - Theory and Practice', $S_2.P_9$ 'പരിസരപഠന ബോധനത്തിലേയ്ക്ക്' $S_2.P_{10}$. 'ഗണിതപഠനം പ്രൈമറി തലത്തിൽ'** എന്നിവയ്ക്കാണ് രണ്ടാം സെമസ്റ്ററിൽ പൊതുപരീക്ഷ ഉണ്ടായിരിക്കുക.

കൂടാതെ രണ്ടാം സെമസ്റ്ററിൽ ഇന്റേൺഷിപ്പും ഉണ്ടായിരിക്കും. ഇതിന്റെയും സ്കോർ ഗ്രേഡ് വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്.

രണ്ടാം സെമസ്റ്ററിലെ വിവിധ പേപ്പറുകളുടേയും ഇന്റേൺഷിപ്പിന്റേയും വിലയിരുത്തൽ രേഖപ്പെടുത്തുന്ന രീതി എപ്രകാരമെന്ന് പരിശോധിക്കാം.

### 10.2.1. രണ്ടാം സെമസ്റ്ററിലെ നിരന്തര വിലയിരുത്തൽ - രേഖപ്പെടുത്തൽ

രണ്ടാം സെമസ്റ്ററിലും ഓരോ പേപ്പറിന്റേയും നിരന്തര വിലയിരുത്തൽ സ്കോർ 20 ആണ്. ഇതിന്റെ സ്കോർ അധ്യാപക വിദ്യാർഥിക്ക് നൽകുന്നതിനുവേണ്ടി ഓരോ പേപ്പറുമായി ബന്ധപ്പെടുത്തി മുമ്പ് സൂചിപ്പിച്ചതുപോലെ 4 ഇനങ്ങളാണ് CE ഇനങ്ങളായി പരിഗണിക്കണമെന്ന് നിർദേശിച്ചിട്ടുള്ളത്. അവ ചുവടെ കൊടുക്കുന്നു.

1. പ്രവർത്തന ഡയറി
2. യൂണിറ്റ് ടെസ്റ്റ്
3. പ്രകടന വിലയിരുത്തൽ
4. ഉൽപന്ന വിലയിരുത്തൽ

ഇവയുടെ സ്കോറിംഗ് വിശദാംശങ്ങൾ ഒന്നാം സെമസ്റ്റർ രേഖപ്പെടുത്തലിൽ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ആവർത്തിക്കുന്നില്ല. നിരന്തര വിലയിരുത്തൽ ഇനങ്ങളുടെ സ്കോർ രേഖപ്പെടുത്തുന്നതിന് ഫോർമാറ്റ് 12 (F12) തന്നെ ഉപയോഗിക്കാവുന്നതാണ്.

രണ്ടാം സെമസ്റ്ററിലെ ഓരോ പേപ്പറുമായി ബന്ധപ്പെട്ട നിരന്തര വിലയിരുത്തൽ ഇനങ്ങളുടെ സ്കോർ ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിന് ഫോർമാറ്റ് F6 ഉപയോഗിക്കാം. രണ്ടാം സെമസ്റ്ററിലെ എല്ലാ പേപ്പറുകളുടേയും നിരന്തര വിലയിരുത്തൽ ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിന് ഫോർമാറ്റ് F7 ഉപയോഗിക്കാവുന്നതാണ്.

രണ്ടാം സെമസ്റ്ററിലെ പേപ്പറുകളിൽ **$S_2.P_7$. 'ഭാഷാ ബോധനം - സിദ്ധാന്തവും പ്രയോഗവും', $S_2.P_{11}$ 'കലാപഠനവും പ്രവൃത്തി പരിചയവും', $S_2.P_{12}$. 'ആരോഗ്യ കായികവിദ്യാഭ്യാസം'** എന്നിവയ്ക്ക് നിരന്തര വിലയിരുത്തൽ മാത്രമേ ഉള്ളൂ. ആയതിനാൽ ആ പേപ്പറുകൾക്കുള്ള ഗ്രേഡും രേഖപ്പെടുത്തേണ്ടതാണ്. ഫോർമാറ്റിൽ ഈ വിഷയങ്ങളുടെ ഗ്രേഡ് കൂടി രേഖപ്പെടുത്തുന്നതിന് സ്ഥലം നൽകിയിട്ടുണ്ട്. മറ്റു വിഷയങ്ങളുടെ കാര്യത്തിൽ സ്ഥാപനതലത്തിൽ ഗ്രേഡ് നിശ്ചയിക്കുന്നില്ല. ആയതിനാൽ അവയുടെ ഗ്രേഡ് സ്ഥാപനത്തിൽ രേഖപ്പെടുത്തേണ്ടതില്ല.

### 10.2.2. രണ്ടാം സെമസ്റ്റർ പൊതുപരീക്ഷാ ക്രോഡീകരണം രേഖപ്പെടുത്തൽ

രണ്ടാം സെമസ്റ്ററിലും 3 വിഷയങ്ങൾക്കാണ് പൊതു പരീക്ഷയുള്ളത്. $S_2.P_8$ English Language Teaching Theory and Practice, $S_2.P_9$ പരിസരപഠന ബോധനത്തിലേയ്ക്ക്, $S_2.P_{10}$ ഗണിതപഠനം പ്രൈമറിതലത്തിൽ എന്നിവയാണവ. ഓരോ വിഷയത്തിന്റേയും പൊതുപരീക്ഷയുടെ പരമാവധി സ്കോർ 60 ആണ്. പരീക്ഷാ സമയം 2 മണിക്കൂർ ആണ്. 15 മിനിട്ട് ആശ്വാസ സമയമായി നൽകുന്നതാണ്. രണ്ടാം സെമസ്റ്ററിൽ നിർദേശിച്ചിട്ടുള്ള ഉള്ളടക്കം മാത്രമേ പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയാറാക്കുന്ന വേളയിൽ പരിഗണിക്കേണ്ടതുള്ളൂ. ഓരോ പേപ്പറിന്റേയും സ്കോറിംഗ് നിർവഹിക്കുന്നതിന് ഉത്തരപേപ്പർ പരിശോധനവേളയിൽ ഉപയോഗിക്കാവുന്ന ഫോർമാറ്റ് 13 (F13) നൽകിയിട്ടുണ്ട്. ഇതു കാണുക.

### 10.2.3. രണ്ടാം സെമസ്റ്ററിലെ CE, TE ക്രോഡീകരണം രേഖപ്പെടുത്തൽ

ഫോർമാറ്റ് 6, ഫോർമാറ്റ് 13 എന്നിവ ഉപയോഗിച്ച് അധ്യാപക വിദ്യാർഥികളുടെ CE, TE സ്കോർ, ഗ്രേഡ് എന്നിവ ക്രോഡീകരിച്ച് രേഖപ്പെടുത്താവുന്നതാണ്. ITE തലത്തിൽ ഇവ തയാറാക്കി പരീക്ഷാ ഭവന് സമർപ്പിക്കേണ്ടതുണ്ട്. ഇതിലുള്ള പൊതു പരീക്ഷാ സ്കോറുകളുടെ വിശദാംശങ്ങൾ പരീക്ഷാഭവൻ രേഖപ്പെടുത്തുന്നതാണ്. ക്രോഡീകൃതഷീറ്റുകൾ പരീക്ഷാഭവനിൽ സൂക്ഷിക്കുന്നതാണ്.

സ്കോർ-ഗ്രേഡ് ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ് (F16) ചുവടെ കൊടുക്കുന്നു.

**ഫോർമാറ്റ് - (F16)**

സ്കോർ - ഗ്രേഡ് ക്രോഡീകരണം

കോഴ്സും സെമസ്റ്ററും : D.Ed - സെമസ്റ്റർ 2

വർഷം, മാസം : ഉദാ: 2014 മാർച്ച്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ പേരും അഡ്രസ്സും : ..................................................

സ്ഥാപനത്തിന്റെ കോഡ് നമ്പർ : ............................ റവന്യൂ ജില്ല : ................................................ വിദ്യാഭ്യാസ ജില്ല ..............................................

**സ്കോർ - ഗ്രേഡ് വിശദാംശങ്ങൾ**

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പേപ്പറുകൾ | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | $S_2$. $P_7$ ഭാഷാ ബോധനം സിദ്ധാന്തവും പ്രയോഗവും | | $S_2$. $P_8$ English Language teaching Theory and practice | | | | | $S_2$. $P_9$ പരിസര ബോധനത്തിലേക്ക് | | | | | $S_2$. $P_{10}$ ഗണിതപഠനം പ്രൈമറിതലത്തിൽ | | | | | $S_2$. $P_{11}$ കലാപഠനവും പ്രവൃത്തിപരിചയവും | | $S_2$. $P_{12}$ ആരോഗ്യ – കായിക വിദ്യാഭ്യാസം | | |
| | | | സ്കോർ | ഗ്രേഡ് | സ്കോർ | | | ഗ്രേഡ് | | സ്കോർ | | | ഗ്രേഡ് | | സ്കോർ | | | ഗ്രേഡ് | | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് | |
| | | | CE മാത്രം | | CE | TE | Total | TE | Total | CE | TE | Total | TE | Total | CE | TE | Total | TE | Total | CE മാത്രം | | CE മാത്രം | | റിമാർക്സ് |
| | | | 20 | | 20 | 60 | 80 | | | 20 | 60 | 80 | | | 20 | 60 | 80 | | | 20 | | 60 | | |
| | | | | | | | | | | | | | | | | | | | | | | | | |

സ്ഥലം :

തീയതി :

പ്രിൻസിപ്പലിന്റെ പേരും അഡ്രസും:

പരീക്ഷാഭവൻ സെക്രട്ടറിയുടെ ഒപ്പ് :

പേരും അഡ്രസ്സും :

സെമസ്റ്റർ 2 പൂർത്തീകരിക്കുമ്പോൾ അധ്യാപക വിദ്യാർഥിക്ക് നൽകേണ്ട സ്കോർ - ഗ്രേഡ് ഷീറ്റിന്റെ മാതൃക F17 ചുവടെ കൊടുക്കുന്നു.

**Format 17 (F17)**
**Government of Kerala**
**Department of General Education**

# Diploma in Elementary Education (D.Ed.)

**<u>Semester - 2 Score - Grade Sheet</u>**

**Reg No :**

Semester : Two
Month and Year : .............................................
Name of Teacher Trainee : ................................................................

Name and Address of Institute ........................................................................................
of Teacher Education ........................................................................................
........................................................................................

## SCORE - GRADE DETAILS

| Sl. No | Name of Paper | Maximum Score | | | Score obtained | | | Grades awarded | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | CE | TE | Total | CE | TE | Total | TE | Total | |
| 1. | S2.P7 Language Teaching - Theory, Practice | 20 | - | 20 | | | | | | |
| 2. | S2.P8 English language Teaching - Theory & Practice | 20 | 60 | 80 | | | | | | |
| 3. | S2.P9 Towards the teaching of Environmental study | 20 | 60 | 80 | | | | | | |
| 4. | S2.P10 Learning Mathematics at the Primary Level | 20 | 60 | 80 | | | | | | |
| 5. | S2.P11 Art Education and Work Experience | 20 | - | 20 | - | | | | | |
| 6. | S2.P12 Health - Physical Education | 20 | - | 20 | - | | | | | |

**Intership**

| No. | Item | Maximum Score | Score Obtained | Grade awarded | Remarks |
|---|---|---|---|---|---|
| 1. | Teaching Practice | 200 | | | |

Thiruvananthapuram *Seal* **Secretary**
Date: Board of Public Examinations
Government of Kerala

### 10.3. മൂന്നാം സെമസ്റ്ററിലെ വിലയിരുത്തൽ രേഖപ്പെടുത്തൽ

മൂന്നാം സെമസ്റ്ററിൽ ആകെ 7 പേപ്പറുകളാണ് ഉള്ളത്. ഏഴ് പേപ്പറുകൾക്കും നിരന്തര വിലയിരുത്തൽ ഉണ്ടാകും. ഏഴാമത്തെ പേപ്പർ ഓപ്ഷണൽ പേപ്പറാണ്. ഇവിടെ 3 വിഷയങ്ങളുടെ പഠനം (ഗണിതം സാമൂഹ്യശാസ്ത്രം സാമാന്യശാസ്ത്രം) നിർദേശിച്ചിട്ടുണ്ട്. ഇതിൽ ഏതെങ്കിലും ഒന്നിന്റെ പഠനം നിർവഹിച്ചാൽ മതി. 5 പേപ്പറുകൾക്ക് പൊതു പരീക്ഷ ഉണ്ടായിരിക്കും.

മൂന്നാം സെമസ്റ്ററിലെ വിവിധ പേപ്പറുകളുടെ വിലയിരുത്തൽ-രേഖപ്പെടുത്തുന്ന രീതി എപ്രകാരമെന്ന് പരിശോധിക്കാം.

#### 10.3.1. മൂന്നാം സെമസ്റ്ററിലെ നിരന്തര വിലയിരുത്തൽ രേഖപ്പെടുത്തൽ

മൂന്നാം സെമസ്റ്ററിലും ഓരോ പേപ്പറിന്റേയും നിരന്തര വിലയിരുത്തൽ സ്കോർ 20 തന്നെ. ഇതിന്റെ സ്കോർ അധ്യാപക വിദ്യാർഥിക്ക് നൽകുന്നതിനുവേണ്ടി മുമ്പ് ഒന്നാം സെമസ്റ്റർ നിരന്തര വിലയിരുത്തൽ-രേഖപ്പെടുത്തലിൽ സൂചിപ്പിച്ചതുപോലെ 4 ഇനങ്ങളുമായി ബന്ധപ്പെടുത്തി നിർവഹിക്കാവുന്നതാണ്. സ്കോറിംഗ് വിശദാംശങ്ങൾക്ക് പ്രസ്തുത ഭാഗം പരിശോധിക്കുക. അവിടെ നൽകിയിട്ടുള്ള F12 ഫോർമാറ്റ് ഉപയോഗിച്ച് രേഖപ്പെടുത്തൽ നിർവഹിക്കാം.

മൂന്നാം സെമസ്റ്ററിലെ ഓരോ പേപ്പറുമായി ബന്ധപ്പെട്ട നിരന്തരവിലയിരുത്തൽ ഇനങ്ങളുടെ സ്കോർ ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിന് F8 ഫോർമാറ്റ് ഉപയോഗിക്കാം.

**മൂന്നാം സെമസ്റ്ററിലെ എല്ലാ പേപ്പറുകളുടേയും നിരന്തര വിലയിരുത്തൽ ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിന് ഫോർമാറ്റ് F8 ഉപയോഗിക്കാവുന്നതാണ്.** മൂന്നാം സെമസ്റ്ററിലെ പേപ്പറുകളിൽ **$P_3$.$P_{18}$. Pedagogy in English Language, $S_3$.$P_{19}$ (a) ഗണിത ശാസ്ത്രപഠനവും ബോധനവും/(b) സാമൂഹ്യശാസ്ത്രം - ഉള്ളടക്കവും വിനിമയവും/(c) സാമാന്യശാസ്ത്ര വിദ്യാഭ്യാസം** എന്നിവയ്ക്ക് നിരന്തര വിലയിരുത്തൽ മാത്രമേ ഉണ്ടായിരിക്കയുള്ളൂ. ആയതിനാൽ ആ പേപ്പറുകളുടെ ഗ്രേഡും രേഖപ്പെടുത്തേണ്ടതാണ്. ഫോർമാറ്റിൽ ഈ വിഷയങ്ങളുടെ ഗ്രേഡ് കൂടി രേഖപ്പെടുത്തുന്നതിന് സ്ഥലം നൽകിയിട്ടുണ്ട്. മറ്റു വിഷയങ്ങളുടെ ഗ്രേഡ് സ്ഥാപനതലത്തിൽ നിശ്ചയിക്കുന്നില്ല. ആയതിനാൽ അവയുടെ ഗ്രേഡ് സ്ഥാപനത്തിൽ രേഖപ്പെടുത്തേണ്ടതില്ല.

#### 10.3.2. മൂന്നാം സെമസ്റ്റർ പൊതു പരീക്ഷാ ക്രോഡീകരണം രേഖപ്പെടുത്തൽ

മൂന്നാം സെമസ്റ്ററിൽ 5 വിഷയങ്ങൾക്കാണ് പൊതു പരീക്ഷയുള്ളത്. **$S_3$.$P_{13}$. പഠിതാവും ജ്ഞാനാർജനവും, $S_3$.$P_{14}$. വിദ്യാഭ്യാസത്തിന്റെ സാമൂഹ്യവും ചരിത്രപരവും, ദാർശനികവുമായ അടിത്തറ, $S_3$.$P_{15}$ കലാവിദ്യാഭ്യാസവും പ്രവൃത്തി വിദ്യാഭ്യാസവും, $S_3$.$P_{16}$. ശാരീരികവും, വൈകാരികവുമായ ആരോഗ്യവും ആരോഗ്യ-കായിക വിദ്യാഭ്യാസവും $S_3$.$P_{17}$. ഭാഷാപഠനവും സാഹിത്യവും** എന്നീ പേപ്പറുകളാണവ. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് പരമാവധി സ്കോർ 40 ആണ്. മറ്റ് പേപ്പറുകൾക്ക് പരമാവധി സ്കോർ 60 ആയിരിക്കും. ആരോഗ്യ-കായിക വിദ്യാഭ്യാസം പേപ്പറിന്റെ പരമാവധി സമയം 1½ മണിക്കൂറും മറ്റ് പേപ്പറുകളുടേത് 2 മണിക്കൂറും ആയിരിക്കും. 15 മിനിട്ട് കൂൾ ഓഫ് ടൈം ഇതിന് പുറമേ നൽകുന്നതാണ്. മൂന്നാം സെമസ്റ്ററിൽ നിർദേശിച്ചിട്ടുള്ള ഉള്ളടക്കം മാത്രമേ പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയാറാക്കുന്ന വേളയിൽ പരിഗണിക്കേണ്ടതുള്ളൂ. ഉത്തരപേപ്പർ പരിശോധനാവേളയിൽ സ്കോർ രേഖപ്പെടുത്തുന്നതിന് F13 ഫോർമാറ്റ് ഉപയോഗിക്കാവുന്നതാണ്.

#### 10.3.3. മൂന്നാം സെമസ്റ്ററിലെ CE, TE ക്രോഡീകരണം രേഖപ്പെടുത്തൽ

ഫോർമാറ്റ് F9, ഫോർമാറ്റ് F13 എന്നിവ ഉപയോഗിച്ച് അധ്യാപക വിദ്യാർഥികളുടെ CE, TE സ്കോർ, ഗ്രേഡ് എന്നിവ ക്രോഡീകരിച്ച് രേഖപ്പെടുത്താവുന്നതാണ്. ITE തലത്തിൽ ഇവ തയാറാക്കി പരീക്ഷാഭവന് സമർപ്പിക്കേണ്ടതുണ്ട്. ഇതിലുള്ള പൊതുപരീക്ഷാ സ്കോറുകളുടെ വിശദാംശങ്ങൾ പരീക്ഷാഭവൻ രേഖപ്പെടുത്തുന്നതാണ്. ക്രോഡീകൃത ഷീറ്റുകൾ പരീക്ഷാ ഭവനിൽ സൂക്ഷിക്കുന്നതാണ്.

സ്കോർ-ഗ്രേഡ് ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ് F18 ചുവടെ കൊടുക്കുന്നു.

## ഫോർമാറ്റ് (F 18)

### സ്കോർ - ഗ്രേഡ് ക്രോഡീകരണം

| | | |
|---|---|---|
| കോഴ്സും സെമസ്റ്ററും | : | D.Ed സെമസ്റ്റർ 3 |
| വർഷം, മാസം | : | ഉദാ: 2014, December |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ പേരും അഡ്രസ്സും | : | ................................................................ |
| സ്ഥാപനത്തിന്റെ കോഡ് നമ്പർ | : | ................................................................ |
| റവന്യു ജില്ല | : | ................................................................ |
| വിദ്യാഭ്യാസ ജില്ല | : | ................................................................ |

<table>
<tr><th rowspan="2">ക്രമ നമ്പർ</th><th rowspan="2">രജിസ്റ്റർ നമ്പർ</th><th rowspan="2">വിദ്യാർത്ഥിയുടെ പേര്</th><th colspan="30">പേപ്പറുകൾ</th></tr>
<tr><th colspan="5">$S_3$. $P_{13}$<br>പഠിതാവും ജ്ഞാനാർജനവും</th><th colspan="5">$S_3$. $P_{14}$<br>വിദ്യാഭ്യാസത്തിന്റെ ചരിത്രപരവും ദാർശനികവുമായ അടിത്തറ</th><th colspan="5">$S_3$. $P_{15}$<br>കലാവിദ്യാഭ്യാസവും പ്രവൃത്തി വിദ്യാഭ്യാസവും</th><th colspan="5">$S_3$. $P_{16}$<br>ശാരീരികവും വൈകാരികവുമായ ആരോഗ്യവും, ആരോഗ്യ– കായിക വിദ്യാഭ്യാസവും</th><th colspan="5">$S_3$. $P_{17}$<br>ഭാഷാപഠനവും സാഹിത്യവും</th><th colspan="2">$S_3$. $P_{18}$<br>Pedagogy of English Language</th><th colspan="2">$S_3$. $P_{19}$<br>എ. ഗണിത ശാസ്ത്രപഠനബോധവും ബി. സാമൂഹ്യശാസ്ത്ര ഉള്ളടക്കവും വിനിമയവും സി. സാമാന്യശാസ്ത്ര വിദ്യാഭ്യാസം</th><th rowspan="3">Remarks</th></tr>
<tr><td rowspan="2"></td><td rowspan="2"></td><td rowspan="2"></td><th colspan="3">സ്കോർ</th><th colspan="2">ഗ്രേഡ്</th><th colspan="3">സ്കോർ</th><th colspan="2">ഗ്രേഡ്</th><th colspan="3">സ്കോർ</th><th colspan="2">ഗ്രേഡ്</th><th colspan="3">സ്കോർ</th><th colspan="2">ഗ്രേഡ്</th><th colspan="3">സ്കോർ</th><th colspan="2">ഗ്രേഡ്</th><th>സ്കോർ</th><th>ഗ്രേഡ്</th><th>സ്കോർ</th><th>ഗ്രേഡ്</th></tr>
<tr><td>CE 20</td><td>TE 60</td><td>Total 80</td><td>TE</td><td>Total</td><td>CE 20</td><td>TE 60</td><td>Total 80</td><td>TE</td><td>Total</td><td>CE 20</td><td>TE 60</td><td>Total 80</td><td>TE</td><td>Total</td><td>CE 20</td><td>TE 40</td><td>Total 60</td><td>TE</td><td>Total</td><td>CE 20</td><td>TE 60</td><td>Total 80</td><td>TE</td><td>Total</td><td>CE മാത്രം 20</td><td></td><td>CE മാത്രം 20</td><td></td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
</table>

സ്ഥലം :

തീയതി :

പ്രിൻസിപ്പലിന്റെ ഒപ്പ് :

പേരും, അഡ്രസ്സും :

പരീക്ഷാഭവൻ സെക്രട്ടറിയുടെ ഒപ്പ് :

പേരും, അഡ്രസ്സും :

ഐ.ടി.ഇ. സീൽ

പരീക്ഷാഭവൻ സീൽ

സെമസ്റ്റർ 3 പൂർത്തിയാക്കുമ്പോൾ അധ്യാപക വിദ്യാർഥിക്ക് നൽകേണ്ട സ്കോർ-ഗ്രേഡ് ഷീറ്റിന്റെ മാതൃക F19 ചുവടെ കൊടുക്കുന്നു.

**Government of Kerala (F19) - Department of General Education**

## Diploma in Elementary Education ( D.Ed.)

**<u>Semester - 3  Score - Grade Sheet</u>**

**Reg No :**

Semester : Three
Month and Year : *Eg. November 2014*
Name of Teacher Trainee : ...............................................................
Name and Address of Institute
of Teacher Education : ..........................................................................................
..........................................................................................
..........................................................................................

## SCORE - GRADE DEAILS

| Sl. No | Name of Paper | Maximum Score | | | Score obtained | | | Grades awarded | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | CE | TE | Total | CE | TE | Total | TE | Total | |
| 1. | $S_3P_{13}$ Learner and Cognition | 20 | 60 | 80 | | | | | | |
| 2. | $S_3P_{14}$ Sociological, Historical and philosophical foundation of Education | 20 | 60 | 80 | | | | | | |
| 3. | $S_3P_{15}$ Art Education and Work Education | 20 | 60 | 80 | | | | | | |
| 4. | $S_3P_{16}$ Emotional physical health and Health & Physical education | 20 | 40 | 60 | | | | | | |
| 5. | $S_3P_{17}$ Literature & Language studies | 20 | 60 | 80 | | | | | | |
| 6. | $S_3P_{18}$ Pedagogy of English language | 20 | - | 20 | | | | | | |
| 7. | $S_3P_{19}$ a) Mathematics learning & Teaching b) Social science content & Transaction c) General science education | 20 | - | 20 | | | | | | |

Place: *Seal* **Secretary**
Date: Pareeksha Bhavan
Government of Kerala

### 10.3.3. നാലാം സെമസ്റ്ററിലെ വിലയിരുത്തൽ രേഖപ്പെടുത്തൽ

നാലാം സെമസ്റ്ററിൽ ആകെ 3 പേപ്പറുകൾ മാത്രമേ ഉള്ളൂ. മൂന്ന് പേപ്പറുകൾക്കും നിരന്തരവിലയിരുത്തൽ ഉണ്ട്. മൂന്നാമത്തെ പേപ്പർ ഓപ്ഷണൽ പേപ്പറാണ്. ഇവിടെ 3 വിഷയങ്ങളുടെ പഠനം (ഗണിതം/സാമൂഹ്യശാസ്ത്രം/ സാമാന്യശാസ്ത്രം) നിർദേശിച്ചിട്ടുണ്ട്. ഇതിൽ ഏതെങ്കിലും ഒരു പേപ്പറിന്റെ പഠനം നിർവഹിച്ചാൽ മതി. 2 പേപ്പറുകൾക്ക് പൊതു പരീക്ഷ ഉണ്ടാകും.

കൂടാതെ നാലാം സെമസ്റ്ററിൽ ഇന്റേൺഷിപ്പും ഉണ്ടായിരിക്കും.

നാലാം സെമസ്റ്ററിലെ വിവിധ പേപ്പറുകളുടെ വിലയിരുത്തൽ, ഇന്റേൺഷിപ്പ് എന്നിവ രേഖപ്പെടുത്തുന്ന രീതി എപ്രകാരമെന്ന് പരിശോധിക്കാം.

### 10.4.1. നാലാം സെമസ്റ്ററിലെ നിരന്തര വിലയിരുത്തൽ രേഖപ്പെടുത്തൽ

നാലാം സെമസ്റ്ററിലെ ഓരോ പേപ്പറിന്റേയും നിരന്തരവിലയിരുത്തൽ സ്കോർ 20 തന്നെ. ഇതിന്റെ സ്കോർ അധ്യാപക വിദ്യാർഥിക്ക് നൽകുന്നതിനുവേണ്ടി ഒന്നാം സെമസ്റ്ററിൽ നിരന്തര വിലയിരുത്തൽ-രേഖപ്പെടുത്തലിൽ നിർദേശിച്ച പ്രകാരം നിർവഹിക്കാവുന്നതാണ്. F4 ഫോർമാറ്റ് ഓരോ ഇനങ്ങളുടെ സ്കോർ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കാം.

നിരന്തര വിലയിരുത്തൽ ഇനങ്ങളുടെ ക്രോഡീകരണത്തിനായി F10 ഫോർമാറ്റ് ഉപയോഗിക്കാം. എല്ലാ പേപ്പറുകളുടേയും നിരന്തര വിലയിരുത്തൽ ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിന് F11 ഫോർമാറ്റ് ഉപയോഗിക്കാവുന്നതാണ്.

നാലാം സെമസ്റ്ററിൽ $S_4.P_{20}$ ഭാഷാ പ്രാവീണ്യം എന്ന പേപ്പറിന് നിരന്തര വിലയിരുത്തൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ആയതിനാൽ ആ പേപ്പറിന്റെ ഗ്രേഡ് കൂടി രേഖപ്പെടുത്തേണ്ടതാണ്.

F11 ഫോർമാറ്റിൽ ഈ വിഷയങ്ങളുടെ ഗ്രേഡ് കൂടി രേഖപ്പെടുത്തുന്നതിനുള്ള സ്ഥലം നൽകിയിട്ടുണ്ട്. മറ്റു വിഷയങ്ങളുടെ ഗ്രേഡ് സ്ഥാപനതലത്തിൽ നിശ്ചയിക്കുന്നില്ല. ആയതിനാൽ അവയുടെ ഗ്രേഡ് സ്ഥാപനത്തിൽ രേഖപ്പെടുത്തേണ്ടതില്ല.

### 10.4.2. നാലാം സെമസ്റ്റർ പൊതു പരീക്ഷാ ക്രോഡീകരണം രേഖപ്പെടുത്തൽ

നാലാം സെമസ്റ്ററിൽ രണ്ട് വിഷയങ്ങൾക്കാണ് പൊതു പരീക്ഷയുള്ളത്. $S_4.P._{21}$ Teacher - Professional development, $S_4.P._{22}$ (a) ഗണിതശാസ്ത്രബോധനം - സിദ്ധാന്തവും പ്രയോഗവും/(b) സാമൂഹ്യശാസ്ത്രപഠനം - സിദ്ധാന്തവും പ്രയോഗവും/((c) സാമാന്യശാസ്ത്രം - പ്രയോഗം എന്നീ പേപ്പറുകളാണവ. ഓരോ പേപ്പറിന്റേയും പരമാവധി സ്കോർ 60 ആയിരിക്കും. പരമാവധി സമയം 2 മണിക്കൂർ. Cool off time 15 മിനിട്ട്. നാലാം സെമസ്റ്ററിൽ നിർദേശിച്ചിട്ടുള്ള ഉള്ളടക്കം മാത്രമേ പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയാറാക്കുന്ന വേളയിൽ പരിഗണിക്കേണ്ടതുള്ളൂ. ഉത്തരപേപ്പർ പരിശോധനാ വേളയിൽ സ്കോർ രേഖപ്പെടുത്തുന്നതിന് F13 ഫോർമാറ്റ് ഉപയോഗിക്കാവുന്നതാണ്.

### 10.4.3 നാലാം സെമസ്റ്ററിലെ പൊതുപരീക്ഷാ, ക്രോഡീകരണം, ഇന്റേൺഷിപ് എന്നിവയുടെ ക്രോഡീകരണം രേഖപ്പെടുത്തൽ

ഫോർമാറ്റ് F10, ഫോർമാറ്റ് F11 എന്നിവ ഉപയോഗിച്ച് അധ്യാപകവിദ്യാർത്ഥിയുടെ സി.ഇ., ടി.ഇ. സ്കോർ-ഗ്രേഡ് എന്നിവ ക്രോഡീകരിക്കാൻ സാധിക്കും. നാലം സെമസ്റ്ററിലെ ഇന്റേൺഷിപ്പും ക്രോഡീകരിക്കേണ്ടതാണ്. ഐ.ടി.ഇ. തലത്തിൽ ഇവ തയാറാക്കി പരീക്ഷാ ഭവന് സമർപ്പിക്കേണ്ടതാണ്. ഇതിൽ പൊതുപരീക്ഷാസ്കോറുകളുടെ വിശദാംശങ്ങൾ പരീക്ഷാഭവൻ രേഖപ്പടുത്തുന്നതാണ്. ക്രോഡീകൃത ഷീറ്റുകൾ പരീക്ഷാഭവനിൽ സൂക്ഷിക്കുന്നതാണ്.

സ്കോർ-ഗ്രേഡ് ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിനുള്ള ഫോർമാറ്റ് F20 ചുവടെ കൊടുക്കുന്നു.

ഫോർമാറ്റ് 20 (F20)

**സ്കോർ- ഗ്രേഡ് ക്രോഡീകരണം**

കോഴ്സും സെമസ്റ്ററും : D.Ed, സെമസ്റ്റർ 3
വർഷം, മാസം : ഉദാ: 2014 ഡിസംബർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ
പേരും അഡ്രസ്സും :
സ്ഥാപനത്തിന്റെ കോഡ് നമ്പർ : ...................................... റവന്യൂജില്ല : ......................................................... വിദ്യാഭ്യാസജില്ല : .........................................................

***സ്കോർ-ഗ്രേഡ് വിശദാംശങ്ങൾ***

<table>
<tr><th rowspan="4">ക്രമ നമ്പർ</th><th rowspan="4">രജിസ്റ്റർ നമ്പർ</th><th rowspan="4">വിദ്യാർത്ഥിയുടെ പേര്</th><th colspan="13">പേപ്പറുകൾ</th></tr>
<tr><th colspan="2">$S_4.P_{20}$<br>ഭാഷാ പ്രാവീണ്യം</th><th colspan="5">$S_4.\ P_{21}$<br>Teacher Professional development</th><th colspan="5">$S_4.\ P_{22}$<br>a. ഗണിതശാസ്ത്രബോധനം- സിദ്ധാന്തവും പ്രയോഗവും<br>b. സാമൂഹ്യശാസ്ത്രപഠനം- സിദ്ധാന്തവും പ്രയോഗവും<br>c. സാമാന്യശാസ്ത്രം പ്രയോഗം</th><th rowspan="3">റിമാർക്സ്</th></tr>
<tr><th>സ്കോർ</th><th>ഗ്രേഡ്</th><th colspan="3">സ്കോർ</th><th colspan="2">ഗ്രേഡ്</th><th colspan="3">സ്കോർ</th><th colspan="2">ഗ്രേഡ്</th></tr>
<tr><th>CE മാത്രം 20</th><th></th><th>CE 20</th><th>TE 60</th><th>Total 80</th><th>TE</th><th>Total</th><th>CE 20</th><th>TE 60</th><th>Total 80</th><th>TE</th><th>Total</th></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
</table>

സ്ഥലം :
തീയതി :

പ്രിൻസിപ്പലിന്റെ ഒപ്പ് :
പേരും, അഡ്രസ്സും :

ഒപ്പ്
പരീക്ഷാഭവൻ സെക്രട്ടറി :
പേര് :
അഡ്രസ്സ് :

ഐ.ടി.ഇ. സീൽ

പരീക്ഷാഭവൻ സീൽ

നാലാം സെമസ്റ്ററിലെ ഇന്റേൺഷിപ്പ് ക്രോഡീകരണത്തിന് ($F_3$) ഫോർമാറ്റ് ഉപയോഗിക്കാവുന്നതാണ്.

സെമസ്റ്റർ 4 ന്റെ പൂർത്തീകരണത്തിനുശേഷം അധ്യാപക വിദ്യാർഥികൾക്ക് നൽകേണ്ട സ്കോർ-ഗ്രേഡ് ഷീറ്റിന്റെ മാതൃക $F_{21}$ ചുവടെ കൊടുക്കുന്നു.

## Kerala Government Format 21 (F21) - Department of General Education

# Diploma in Elementary Education ( D.Ed.)

## Semester - 4 Score - Grade Sheet

**Reg No :**

Semester : Four
Month and Year : *Eg. March 2015*
Name of Teacher Trainee : ................................................................
Name and Address of Institute of Teacher Education : ...........................................................................................
...........................................................................................
...........................................................................................

## SCORE - GRADE DETAILS

| Sl. No | Name of Paper | Maximum Score | | | Score obtained | | | Grades awarded | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | CE | TE | Total | CE | TE | Total | TE | Total | |
| 1. | $S_4P_{20}$ Language Proficiency | 20 | - | 20 | | | | | | |
| 2. | $S_4P_{21}$ Teacher Professional Development | 20 | 60 | 80 | | | | | | |
| 3. | $S_4P_{22}$ (a) Teaching of Mathematics theory & practice (b) Learning of Social Science - Theory & Practice (c) General Science - Application | 20 | 60 | 80 | | | | | | |

**Internship**

| No. | Item | Maximum Score | Score obtained | Grade awarded | Remarks |
|---|---|---|---|---|---|
| 1 | Teaching Practice | 200 | | | |
| 2 | Community living camp | 20 | | | |
| 3 | Educational Tour | 10 | | | |

Place:
Date:

**Secretary**
Pareeksha Bhavan
Government of Kerala

നാലാം സെമസ്റ്ററുകളും നിർദേശിക്കുന്ന മികവുകൾ/ഗ്രേഡുകൾ അനുസരിച്ച് പൂർത്തിയാവുന്നവർക്ക് നൽകുന്ന ഡിപ്ലോമയുടെ ഫോർമാറ്റ് $F_{22}$ ആയി നൽകിയിട്ടുണ്ട്.

**ഫോർമാറ്റ് ($F_{21}$) : അധ്യാപക-വിദ്യാർത്ഥിക്ക് നൽകുന്ന സ്കോർ - ഗ്രേഡ് ഷീറ്റ് മാതൃക (നാലാം സെമസ്റ്റർ)**

**Format 22 (F.22)**

**Kerala Government (F21) - Department of General Education**

# Diploma in Education ( D.Ed.)

## Semester 4 - Score - Grade Sheet

**Reg No :**

Semester : Four
Month and Year : *Eg. March 2015*
Name of Teacher Trainee : ..............................................................
Name and Address of Institute of Teacher Education : ..........................................................................................
..........................................................................................

## SCORE - GRADE DETAILS

| Sl. No | Name of Paper | Maximum Score | | | Score obtained | | | Grades awarded | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | CE | TE | Total | CE | TE | Total | TE | Total | |
| 1. | $S_4.P_{20}$. Language Proficiency | 20 | - | 20 | | | | | | |
| 2. | $S_4.P_{21}$. Teacher Professional Development | 20 | 60 | 80 | | | | | | |
| 3. | $S_4.P_{22}$. (a) Teaching of Mathematics theory & practice (b) Learning of Social Science - Theory & Practice (c) General Science - Application | 20 | 60 | 80 | | | | | | |

**Internship**

| No. | Item | Maximum Score | Score obtained | Grade awarded | Remarks |
|---|---|---|---|---|---|
| 1 | Teaching Practice | 200 | | | |
| 2 | Community living camp | 20 | | | |
| 3 | Educational Tour | 10 | | | |

Place:
Date:

**Secretary**
Pareeksha Bhavan
Government of Kerala